VERNACULAR L P SCHOOL
KIZHUR, KUNNAMKULAM

# വെർണാകുലർ സ്കൂൾ കിഴൂർ






# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## ആമുഖം

കേരളത്തിൽ വിദ്യാഭ്യാസചരിത്രത്തിൽ കാതലായ മാറ്റങ്ങൾ S.S.A പാഠ്യപദ്ധതിയിലൂടെ കുട്ടികൾ നേടിയെടുത്തിട്ടുണ്ട്.കുട്ടികൾ നേടിയ മികവുകൾ കൂടുതൽ ഫലപ്രദമാക്കുന്നതിനു വേണ്ടി ഓരോ അധ്യയനവർഷത്തിലും കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങളുടെ പ്ലാനിംഗ് നടത്തേണ്ടത് അത്യാവശ്യമാണ് .ഓരോ വിദ്യാലയത്തിലെയും - പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിലൂടെ മികവുറ്റ വിദ്യാലയം പടുത്തുയർത്തുന്നതിനു കൂട്ടായ പ്രവർത്തനങ്ങൾ അത്യാവശ്യമാണ്.ഈ വിദ്യാലയത്തിലെ അധ്യാപകരക്ഷാകർത്താക്കളുടെ കൂട്ടായ്മയുടെ ഒരു സംക്ഷിപ്തരേഖ ഇവിടെ സമർപ്പിക്കുന്നു.

## ചരിത്രത്തിലേക്ക് ഒരു എത്തിനോട്ടം.

കുന്നംകുളം മുനിസിപ്പാലിറ്റിയിലെ നാലാംവാർഡിലാണ് വി.എസ്.കിഴൂർ എന്ന ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്.ഞങ്ങളുടെ വിദ്യാലയം 1927 ൽ(24-9-1927) (ചിങ്ങം, 29 , 1103) സ്ഥാപിതമായി.ഈ പ്രദേശത്തെ തൊഴിലാളികളുടേയും ,കാർഷിക തൊഴിലാളികളുടേയും അക്ഷരാഭ്യാസത്തിനു വേണ്ടി നൈറ്റ് സ്കൂൾ ആദ്യം തുടങ്ങിയത്. ഇതിന്റെ പേര് Peace Memorial Panchama Night School എന്നായിരുന്നു.1931 വരെ Night School മാത്രമായി തുടർന്നു. 1932 ൽ 1-ാം ക്ലാസ്സ് തുടങ്ങുകയും ചെയ്തു. 1935 ൽ 4-ാംക്ലാസ്സ് തുടങ്ങുകയും ചെയ്തു .4-ാം ക്ലാസ്സ് 19-8-1935 ന് പ്രവർത്തനം തുടങ്ങി .1932 മുതൽവെർണാകുലർ സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു.

ഈ സ്കൂളിൽ 1947 ലും 1948 ലും Preparatory class ഉം ഉണ്ടായിരുന്നു.ഇതു കൊച്ചി സംസ്ഥാന ഗവൺമെന്റിന്റെ പുതിയ നയപ്രകാരം താൽക്കാലികമായി മാത്രം അനുവദിച്ചതായിരുന്നു. ഗവൺമെന്റ് പൊതുവെ ഈ നടപടി വേണ്ടെന്നു തീരുമാനിച്ചപ്പോൾ ഈ സ്കൂളിലും Preparatory class തുടർന്നു പ്രവർത്തിക്കാൻ കഴിയാതെ വന്നു.

ഗവൺമെന്റിന്റെ പുതിയ താൽക്കാലിക നടപടി പ്രകാരം ഈ സ്കൂളിന്റെ 1958-59 ലും 1959-60 ലും അഞ്ചാം ക്ലാസ്സും പ്രവർത്തിച്ചിരുന്നു. L.P സ്കൂളിൽഅതു തുടരേണ്ടെന്ന് ഗവൺമെന്റ് തീരുമാനിച്ചതിനനുസരിച്ച് അഞ്ചാം ക്ലാസ്സും തുടർന്നു പ്രവർത്തിക്കാൻ കഴിയാതെ വന്നു.

2001-2002 ൽ ഈ സ്കൂളിൽ Band Set തുടങ്ങി. സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഹെഡ്മിസ്ട്രസും, അധ്യാപകരും,മാനേജരും, PTA, MPTA കമ്മറ്റികളും നാട്ടുകാരും സസ്നേഹം സഹകരിക്കുന്നു.

ഗ്രാമീണ ശാലീനതയുടെ സർവൈശ്വര്യമായി നിലകൊള്ളുന്ന ഈ വിദ്യാലയം കൂടുതൽ ഉന്നതങ്ങളിലേയ്ക്കുയരുവാനും അനേകായിരം കുരുന്നുകൾക്ക് അക്ഷര വെളിച്ചം നൽകട്ടെ എന്നും ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാകുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക

2. എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കുവാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക

3. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക

4. വായന ഒരു സംസ്കാരമായി രൂപപ്പെടുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കുക

5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായിക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിച്ച് അതുവഴി കുട്ടികൾക്ക് മെച്ചപ്പെട്ട പഠനാന്ഭവങ്ങൽ ഉറപ്പുവരുത്തുക.

6. ഓരോ ടേമിലും കുട്ടികൾ നേരിടേണ്ട അറിവും കഴിവും ക്ലാസ്സ് പി ടി എ കളിൽ രക്ഷിത്ക്കളെ ബോധിപ്പിക്കുക

7. മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്ക നുസ്യതമായി വർക്ക്ഷീറ്റുകൾ ലഭ്യമാക്കുക.

8. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്നാശയം മുൻനിർത്തി അറിവു നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റുക.

9. ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക:

10. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലി ക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.

11 ആശയപ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാ ലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. അപഹർഷതാബോധം ഒഴി വാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.

12. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക

13. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതു. ന്നതിനും പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികളും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.

3. കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.

4. സർഗ്ഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുക.

5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6. ഭാഷാശേഷി വികസത്തിനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാ ധ്യതകളെ പ്രയോജനപ്പെടുത്തുക.

7. മികച്ച വായനാശീലം വളർത്തുക

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്ര വായനക്ക് സജ്ജരാക്കുക.

4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക.

5. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ സചിത്ര നോട്ടുബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

7. ക്ലാസ്സ്തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠ ഭാഗങ്ങൾ അവതരിപ്പിക്കാൻ ആവ ശ്യമായ സാമഗ്രികൾ തയ്യാറാക്കുന്നതിനായി രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തുക.

## പരിസര പഠനം

1.ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക

2. ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. അനുഭവം ഒരുക്കുക. ശാസ്ത്രത്തിന്റെ രീതി താൽപര്യം വളർത്തുക.

3. ശാസ്ത്രപ്രക്രിയാശേഷികൾ ശാസ്ത്രരംഗത്തെ വികസിപ്പിക്കുക.. നൂതനാശയങ്ങൾ ആധുനിക ത്തിനായി ശാസ്ത്ര-സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്ര പഠ പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

2. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

3. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം

1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക

3. ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പാക്കുക.

4. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.

5. ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടിക ളിലും വളർത്തുക.

## ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

2. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗി ക്കുവാനുള്ള സാഹചര്യം ഒരുക്കുക.

സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക

ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിന് ഉപയോഗപ്പെടുത്തുക.

ഓരോ കുട്ടിയും ഒന്നാമനാണെന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

1.നിർമ്മണാത്മക കഴിവുകൾ എല്ലാ കൂട്ടികളിലും വികസിപ്പിക്കുക

2.പാഴ്വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ. പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക

3. പഠന പ്രവർത്തനങ്ങളുമായി പ്രവർത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക

## കലാപരിശീലനം

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവ സരം ഒരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിന് ഉപയോഗപ്പെ ടുത്തുക.
5. ഓരോ കുട്ടിയും ഒന്നാമനാണെന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

## ആരോഗ്യ-കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരുടെ ലക്ഷ്യം കൈവ രിക്കുന്നതിന് പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.

3. ശരിയായ ആരോഗ്യശീലങ്ങൾ വളർത്തുക.

4. ആരോഗ്യ-കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും ങ്ങൾ ഉണ്ടാക്കുക.

5. കാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1. എല്ലാകുട്ടികളേയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

2. അറബിഭാഷാ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പുവരുത്തുക

3. വായനയിലൂടെ എഴുത്തിലൂടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസുകളിൽ ഒരുക്കുക

4. നല്ല മുല്യമനോഭാവങ്ങൾ ഭാഷാപഠനത്തിലൂടെ ഉറപ്പുവരുത്തുക

5. ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കുനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക

ഹചര്യം ക്ലാസുകളിൽ ഒരുക്കുക. നല്ല
നാഭാവങ്ങൾ ഭാഷാപഠനത്തിലൂടെ ഉറപ്പുവരുത്തുക. വികസിപ്പിക്കുന്നം ഐ.ടി.യുടെ സാധ്യകൾ പ്രയോജനപ്പെടുത്താനും നുമുള്ള കഴിറി കുട്ടികളിൽ സൃഷ്ടിക്കുക.

## മലയാളം / പഠനപിന്നോക്കാവസ്ഥ

പ്രവർത്തനം-1

പേര് ; **പുസ്തകം എന്റെ ചങ്ങാതി, വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾകുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | 3000 |

പ്രവർത്തനം-1

പേര് : പ്രത്ര വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉച്ചാരണശുദ്ധിയോടും അർത്ഥപൂർണ്ണമായും വായിക്കുക. | അസംബ്ലിയിൽ ഒരു ദിവസം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം-3

പേര് : **രചനോത്സവം**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധരീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | വ്യവഹാര മാതൃകരൂപങ്ങളുടെകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾമാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 200 |

പ്രവർത്തനം-4

ഉപമേഖല : പ്രകടനവേദികൾ

പേര് : സർഗ്ഗവേള

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികളോയും അത്മപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ ക്കുറിച്ചുള്ള വായനക്കുറിപ്പ് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം-5

പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപികരിക്കുക

ഉപമേഖല : ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയ വിനിമയ ശേഷി കൈവരി | പഠനപിന്നോക്കാവസ്ഥ നേരിടുന്നകുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

## ഇംഗ്ലീഷ്

പ്രവർത്തനം-1

പേര് : **ഇംഗ്ലീഷ് അസംബ്ലി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരം സരം നൽകൽ | ആഴ്ചയിൽ രണ്ട് ദിവസംകുട്ടികൾതന്നെ അസംബ്ലി യുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരി പ്പിക്കുന്നു | ആഴ്ചയിൽ രണ്ട് ദിവസം | ഇംഗ്ലീഷ് ടീച്ചർ | |

## അറബിക്

പ്രവർത്തനം-1

പേര് : അറബി വായനോത്സവം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലംലക്ഷ്യം വെക്കുന്ന അറബിഭാഷാ പഠന നേട്ടങ്ങൾ മുഴുവൻകുട്ടികളിലും ഉറപ്പുവരുത്തുക | വായനാമത്സരം സ്കൂൾ ലൈബ്രറി വായനാകുറിപ്പുകൾ അറബിക് പത്രവായന റേഡിയോ | ജൂൺ മുതൽ മാർച്ച് വരെ | അറബി ടീച്ചർ | 2000 |

പ്രവർത്തനം-2

പേര് : അറബി രചനോത്സവം

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയുംഎഴുത്തുലൂടെയുംഭാഷാശേഷിവർദ്ധിപ്പിക്കുന്നതിനുള്ളസാഹചര്യം ക്ലാസ്സ് | പതിപ്പുകളുടെ നിർമ്മാണംവായനകുറിപ്പ് ശേഖരണം പോസ്റ്ററുകൾ ഭാഷാകളികൾ | ജൂൺ മുതൽ മാർച്ച് വരെ | അറബി ടീച്ചർ | 2000 |

## ഗണിതം

പ്രവർത്തനം-1

പേര് : ഗണിതവർക്ക്ഷീറ്റ് ശിൽപശാല

ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാകുട്ടികളെയും അർഹരാക്കുക | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠനനേട്ടങ്ങൾബന്ധപ്പെടുത്തി വർക്ക്ഷീറ്റ്തയ്യാറാക്കൽ | കാലം ഓരോ ടേമിന്റെയും തുടക്കത്തിൽ | എസ്. എസ്.ജി | 2000 |

പ്രവർത്തനം-2

പേര് : യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു വെന്ന് ഉറപ്പാക്കൽ | ഓരോയൂണിറ്റിന്റേയും അവസനം മൂല്യനിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പു വരുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

# പരിസര പഠനം

പ്രവർത്തനം-1

പേര് : ശാസ്ത്ര പഠനോപകരണ ശില്പശാല

ഉപമേഖല ലാബ് ശാക്തികരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസ്സിനും അനുയോജ്യമായ പരീക്ഷണ നിരിക്ഷണ പ്രവർത്തനങ്ങൾ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

# സാമൂഹികാവബോധം

പ്രവർത്തനം-1

പേര് : സാമുഹ്യ അവബോധം വളർത്തൽ

ഉപമേഖല സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ,സംവാദങ്ങൾ അഭിമുഖങ്ങൾഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായിലഭ്യമായ ആളുകളുമായിഅഭിമുഖത്തിന്അവസരമൊരുക്കൽ.ചർച്ചകൾ സംവാദങ്ങൾ, ക്ലാസ്തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തവും | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം-2

പേര് : ഫീൽഡ് ട്രിപ്പ്

ഉപമേഖല പൊതു സ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ടുപോക്കിന്സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യംതിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റാഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 2000 |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം-1

പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം

ഉപമേഖല അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ഐസിറ്റി സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ (സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ | ഓരോ മാസത്തിലും | എസ്.ഐ.റ്റി.സി. | |

പ്രവർത്തനം-2

പേര് : ഐ.ടി. ലാബ്

ഉപമേഖല കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | കുട്ടികൽക്ക് സ്വന്ത്രമായും നിർഭയമായും കമ്പ്യബട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | ജൂൺ മുതൽ ആഗസ്റ്റ് | എസ്.ഐ.റ്റി.സി. | |

# സർഗവേദി

പ്രവർത്തനം-1

പേര് : സർഗവേദി

ഉപമേഖല പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക കുട്ടികളുടെ സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുക | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസ്സിലും സർഗവേദി നടത്തി നേതൃത്വം വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | ക്ലാസ്സ് ടീച്ചർ എസ്.ആർ.ജി. | |

# ആരോഗ്യ കായികം വിദ്യാഭ്യാസം

പ്രവർത്തനം-1

പേര് : കായികാരോഗ്യം

ഉപമേഖല കാരട്ടെ, യോഗ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യ പ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈ വരിക്കുന്നതിന് പ്രാപ്തരാക്കുക | കാരട്ടെ, യോഗ പരിശീലനം | ജൂൺ മുതൽ മാർച്ച വരെ | പി.ടി.എഎ സ്.ആർ.ജി. | 10000 |